

WEDNESDAY 26/03/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/03/2025

1. പുത്തൻചിറ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ കൃഷിഭവൻ കെട്ടിട ഉദ്ഘാടനം 2025 മാർച്ച് 28 വെള്ളിയാഴ്ച രാവിലെ 9.00ന് കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാറിന്റെ അധ്യക്ഷതയിൽ കൃഷി ഭവൻ അങ്കണത്തിൽ ചേരുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

2. തൃശൂർ വട്ടേക്കാട്ടുകര കുന്നത്തുകുന്നിലുള്ള സലീം അലി ഫൗണ്ടേഷൻ ബിൽഡിങ്ങിന്റെ ഉദ്ഘാടനം കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാറിന്റെ അധ്യക്ഷതയിൽ മാർച്ച് 28ന് രാവിലെ 10. 30 ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു . ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7900180570 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക .

3. കേരള കാർഷിക സർവകലാശാല 'സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഔഷധസസ്യ കർഷക സംഗമം 2025, മാർച്ച് 28 ന് സംഘടിപ്പിക്കുന്നു. എറണാകുളം ജില്ലയിലെ ഓടക്കാലി സുഗന്ധ തൈല ഔഷധ സസ്യ ഗവേഷണ കേന്ദ്ര ത്തിൽ വച്ച് രാവിലെ 9.00 മുതൽ വൈകിട്ട് 5.00 മണി വരെ കർഷക ഉത്പന്ന പ്രദർശനം ഔഷധസസ്യ വിതരണം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8156856952 എന്നഫോൺനമ്പറിൽ ബന്ധപ്പെടുക.

4. ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോം രജിസ്ട്രേഷൻ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ധനസഹായത്തിന് നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(എൻഎഫ്ഡിപി) പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻ്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ( കീഡ്), ഏകദിന ശില്പശാല് സംഘടിപ്പിക്കുന്നു. മാർച്ച് 29 ന് കളമശ്ശേരിയിലുള്ള കീഡിൻ്റെ ക്യാമ്പസ്സിലാണ് പരിശീലനം.സ്റ്റാർട്ടപ്പ് മേഖലയിൽ സംരംഭകർ ആകുവാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ഫീസ് 500 രൂപ (കോഴ്സ് ഫീ, ഭക്ഷണം, ജി എസ് ടി ഉൾപ്പടെ). പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി 26 ന് മുൻപ് അപേക്ഷി ക്കാനുള്ള അവസാന തീയതി ഇന്നാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2532890,0484 2550322,9188922785.

6. വെള്ളാനിക്കര കാർഷിക കോളേജ് പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ അക്വാപോണിക്സ് യൂണിറ്റില് വളർത്തിയ വരാല് മത്സ്യം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9847813402 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. വില്പന സമയം: 9:00 AM - 4:00 PM വരെയായിരിക്കും.

7. കൃഷി വിജ്ഞാന കേന്ദ്രം, ഭാരതീയ സുഗന്ധ വിളഗവേഷണ സ്ഥാപനം, പെരുവണ്ണാമൂഴി സാങ്കേതിക വാരാചരണം സംഘടിപ്പിക്കുന്നു. ഇന്ന് (മാർച്ച് 26 ന്) അലങ്കാര മത്സ്യകൃഷി, 27 ന് കുറ്റിക്കുരുമുളക് കൃഷി എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കർഷകർക്ക് 0496-2966041 / 8547544765 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 28 വെള്ളിയാഴ്ച, പന്നിക്കോട്ടൂർ, കോതോട്, പരുത്തിപ്പാറ എന്നിവിടങ്ങളിലെ SC വിഭാഗത്തിൽപ്പെട്ട കർഷകർക്കായി സോളാർ ലൈറ്റ്, കോഴിക്കൂട്, മുട്ടക്കോഴികൾ, നടീൽ വസ്തുക്കൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങിയവ വിതരണം ചെയ്യും. കർഷകർക്കായി സാങ്കേതികവിദ്യാ പ്രദർശനം, വിവിധ നടീൽ വസ്ക്കളുടെ വില്പന തുടങ്ങിയവയും ഉണ്ടായിരിക്കുന്നതാണ്. കെവികെ നടപ്പിലാക്കിയ പ്രദർശനകൃഷിയിൽ പങ്കെടുത്ത മികച്ച കർഷകരെ ചടങ്ങിൽ ആദരിക്കും.

**പരിശീലന പരിപാടി**

. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഃഫോർ ഇ-ലേണിംഗ്) **"Organic Agricultural Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഏപ്രിൽ 6**. കോഴ്സ് ആരംഭിക്കുന്ന തീയതി: **2025 ഏപ്രിൽ 7.** കൂടുതൽ വിവരങ്ങള് വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2025 മാർച്ച് 26-ന് ഓൺലൈൻപരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം